www.malankaralibrary.com

യുവചേതന മാർച്ച് – ഏപ്രിൽ 2024

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം

ലക്കം 2



യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ...

www.malankaralibrary.com

# എഡിറ്റോറിയൽ



**"യുവാക്കൾ എന്ന നിലയിൽ, നിങ്ങൾ തീർച്ചയായും സഭയുടെയും മനുഷ്യരാശിയുടെയും സന്തോഷകരമായ പ്രത്യാശയാണ്. നിങ്ങളുടെ കൈപിടിച്ച് പ്രത്യാശയുടെ പാതയിൽ നടക്കാൻ ഞാൻ ആഗ്രഹിക്കുന്നു"**

- പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ

ഉയിർപ്പിലൂടെ ക്രിസ്തു പകർന്നുതന്ന പ്രത്യാശയുടെ സന്ദേശമാണ് ക്രൈസ്തവരായ നമ്മുടെ അടിസ്ഥാനം. പ്രത്യാശയുടെ ആ വലിയ സന്ദേശം മാനവരാശിക്ക് പകർന്നുകൊടുക്കാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കണം അവിടെയാണ് നാം ഒരു ക്രിസ്തു അനുയായി മാറുന്നത്. പ്രത്യാശയിൽ ഊന്നൽ നൽകി ജീവിക്കാനാണ് പഴയനിയമകാലം മുതൽക്കേ വിശുദ്ധ ഗ്രന്ഥം നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ആ പ്രത്യാശയുടെ പൂർണ്ണതയാണ് ഉത്ഥാനത്തിലൂടെ ക്രിസ്തു നമുക്ക് പകർന്നു നൽകിയത്. ആ പ്രത്യാശ ഉൾക്കൊണ്ട് മുൻപോട്ടു പോകാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കണം. എന്നാൽ ആധുനിക കാലഘട്ടത്തിന്റെ കുരുക്കുകളിൽപെട്ട് ഉഴലുമ്പോൾ പലപ്പോഴും നിരാശരായി, പ്രത്യാശ നഷ്ടപ്പെട്ടവരായി യുവജനങ്ങൾ കാണപ്പെടുന്നു.

തങ്ങൾ രാജാവ് എന്ന് കരുതിയ യേശുവിന്റെ മരണത്തിനുശേഷം പ്രതീക്ഷ നശിച്ച ശിഷ്യന്മാരെ ബൈബിളിൽ നമുക്ക് കാണാം. അവർ തിരികെ അവരുടെ പഴയ ജോലികളിലേക്ക് മടങ്ങിപ്പോകാൻ ശ്രമിക്കുന്നത് നമുക്ക് കാണാം, ജെറുസലേമിൽ നിന്ന് പോകുന്ന അവരോടൊപ്പം യേശുവും കൂടെ കൂടുന്നു പകലന്തിയോളം പല കാര്യങ്ങൾ ചർച്ച ചെയ്തിട്ടും കൂടെയുള്ളത് ഗുരുവാണ് എന്ന് മനസ്സിലാക്കാൻ അവർക്ക് സാധിക്കാതെ പോകുന്നുണ്ട്. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്ക് അവൻ അപ്പം മുറിച്ചു കൊടുത്തപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു അതുവരെയും അവനെ തിരിച്ചറിയാതിരുന്നവർ അപ്പോൾ അവനെ തിരിച്ചറിഞ്ഞു. നാം ഓരോരുത്തരുടെയും ജീവിതത്തിന്റെ നേർക്കാഴ്ചയാണ് ഈ സംഭവം. പ്രശ്നങ്ങളിൽ അകപ്പെടുമ്പോൾ നാം നമ്മളിലേക്ക് ചുരുങ്ങി പോവുകയും ഓടിയൊളിക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട് എന്നാൽ ക്രിസ്തുവിനോടൊപ്പം നടന്നാൽ, അവനെ ഉൾക്കൊണ്ടാൽ തീരാവുന്ന പ്രശ്നങ്ങളെ നമുക്കുള്ളു. അവൻ പകർന്നുതന്ന പ്രത്യാശ ഉൾക്കൊണ്ട്, പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ ഹൃദയത്തിൽ വഹിച്ചുകൊണ്ട്, നാം ഓരോരുത്തരും വർത്തമാനത്തിന്റെ ശക്തിയും ഭാവിയുടെ പ്രത്യാശയുമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സമകാലീന ലോകത്തിനു പ്രകാശം പകർന്നുകൊണ്ട് നമുക്കൊന്നിച്ച് പ്രയാണം നടത്താം.

പരിശുദ്ധാത്മാവിന്റെ വരവിനായി നാം കാത്തിരിക്കുന്ന ഈ അവസരത്തിൽ പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ നമ്മൾ ഓരോരുത്തരുടെയും മേൽ വന്നു നിറയട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം
ലിനു ഡാനിയൽ
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ



www.malankaralibrary.com

## " യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ..'

വി. ബൈബിളിലെ പഴയ നിയമഭാഗത്ത് നമ്മൾ കണ്ടുമുട്ടുന്ന ഒരു വ്യക്തിയാണ് ഗിദെയോൻ (ന്യായ. 6-ാം അധ്യായം). ഗിദെയോൻ ഇസ്രായേൽ ജനതയുടെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ന്യായാധിപൻ ആയിരുന്നു; ഒരു യുവാവായിരുന്നു. ഗിദെയോന്റെ തിരഞ്ഞെടുപ്പ് വളരെ കൗതുകമുള്ളതാണ്.

അക്കാലത്ത് മിദിയാൻകാരുടെ അടിമത്തത്തിൽ ആയിരുന്നു ഇസ്രായേൽ ജനത. മിദിയാൻ കാർ കാണാതെ ഗോതമ്പ് പൊടിച്ചുകൊണ്ടിരുന്ന ഗിദെയോന്റെ പക്കലേക്ക് ദൈവദൂതൻ വന്നിട്ട് പറയുന്നു: "ധീരനും ശക്തനുമായ മനുഷ്യാ, കർത്താവ് നിന്നോടു കൂടെ". നമ്മെ ആശ്ചര്യപ്പെടുത്തികൊണ്ട്, പതിവിന് വിപരീതമായി, ഗിദെയോൻ ദൂതനെ കണ്ടപ്പോൾ ഭയപ്പെടുന്നതായി വി. ബൈബിളിൽ കാണുന്നില്ല. പിന്നെയോ അവൻ ദൂതനോട് സധൈര്യം ചിലചോദ്യങ്ങൾ ഉന്നയിക്കുന്നു.

'പ്രഭോ, കർത്താവ് ഞങ്ങളോടുകൂടെ ഉണ്ടെങ്കിൽ, എന്തുകൊണ്ടാണ് ഈ ദുരിതം ഞങ്ങൾ അനുഭവിക്കുന്നത്? ഈജിപ്തിൽ നിന്നു കർത്താവ് ഞങ്ങളെ രക്ഷിച്ച സംഭവം ഒക്കെ എന്റെ പൂർവീകർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. എന്നിട്ടും എന്തേ ഇങ്ങനെ?'

തീർച്ചയായും ഗിദെയോൻ നമ്മുടെ ഓരോരുത്തരുടേയും പ്രതിനിധിയാണ്. ദൈവത്തിൽ, സഭ യിൽ വിശ്വാസം നഷ്ടപ്പെട്ട യുവതയുടെ ശബ്ദമല്ല മറിച്ച്, തന്റെയും തന്റെ ജനത്തിന്റെയും രക്ഷകനായ ദൈവത്തെ പ്രതീക്ഷയോടെ കാത്തിരുന്ന 'പ്രത്യാശയുള്ള' ഒരു യുവാവിന്റെ ആവലാതിയാണ് 'എന്തേ അങ്ങു വൈകുന്നു?' എന്ന ചോദ്യത്തിൽ നാം കാണുന്നത്.

കോവിഡാനന്തര ലോകത്ത് പ്രത്യാശയുടെ തീർഥാടകരാകാൻ വിളിക്കപ്പെട്ട നമുക്ക് മാറുന്ന സമൂഹികാന്തരീക്ഷം വലിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. അങ്ങനെയെങ്കിൽ എപ്രകാ രമാണ് നമ്മുടെ ദൗത്യപൂർത്തീകരണം നടത്താൻ സാധിക്കുക?

ദൂതൻ ഗിദെയോനോട് പറയുന്നു: ഇസ്രായേലിനെ രക്ഷിക്കാൻ ദൈവം നിന്നെ തിരഞ്ഞെടുത്തി രിക്കുന്നു. ഇതു കേട്ടപ്പോൾ ധീരനായ ഗിദെയോൻ തന്റെ ബുദ്ധിമുട്ടുകൾ ഒക്കെ പറഞ്ഞു തന്റെ ഉത്തരവാദിത്വത്തിൽ നിന്നു ഒഴിഞ്ഞു മാറാൻ ശ്രമിക്കുന്നതായി പിന്നീട് നമ്മൾ കാണുന്നു.

യുവജനങ്ങളായ നമുക്ക് നല്കപ്പെട്ടിട്ടുള്ള ഉത്തരവാദിത്വങ്ങളെ നിർവാഹിക്കാതെ എങ്ങനെ 'പ്രത്യാശയുടെ വക്താക്കളാകാൻ' കഴിയും? യുവജന സഭയിലെ അംഗങ്ങൾ എന്നനിലയിൽ നമ്മുടെ 'പങ്ക്' നമുക്ക് നിർവ്വഹിച്ചേ തീരൂ.

1965 ലെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഫലമായി ഉണ്ടായ ആധുനിക ലോകത്തിലെ സഭയെക്കുറിച്ചുള്ള പാസ്റ്ററൽ ഭരണഘടന "ഗൗഡിയം എറ്റ് സ്പെസ്" ('ജോയ് ആൻഡ് ഹോപ്പ്'),ൽ സഭ പഠിപ്പിക്കുന്നു:" അന്നും ഇന്നും, ദുഷ്കരമായ സമയങ്ങളിൽ, ലോകത്തിൽ പ്രത്യാശ പുനരുജ്ജീവിപ്പിക്കാൻ സഭ ആഗ്രഹിക്കുന്നു. ഇത് ചെയ്യുന്നതിന്, അവൾ പ്രത്യേ കിച്ച് യുവാക്കളെ ആശ്രയിക്കുന്നു, അവർ ചരിത്രത്തിലെ പ്രമുഖരും 'ആനന്ദത്തിന്റെ മിഷന റിമാരും' ആണ്. പ്രത്യാശയിൽ സ്ഥിരതയുള്ളവർക്കേ, ആനന്ദത്തിന്റെ മിഷനറിമാരാകാൻ (Missionaries of Joy) കഴിയൂ. അങ്ങനെയുള്ളവരെ കാണുന്നവരിലും ഈ പ്രത്യാശയുടെ കിരണം പ്രതിഫലിക്കും.

ഗിദെയോന്റെ നേതൃത്വത്തിൽ അടിമ ചങ്ങല ഭേദിക്കുന്ന ഇസ്രായേലിന്റെ ചരിത്രം നാം വി. ബൈബിളിൽ പിന്നീട് കാണുന്നുണ്ട്. ഇപ്രകാരം നമ്മുടെ പരിമിതികൾ നമ്മുടെ പരിധികൾ ആക്കാതെ, സഭായോടൊത്ത് 'പ്രത്യാശയുടെ തീർത്ഥാടനം' നടത്തുന്ന, മാനവകുടുംബത്തിന് സുവിശേഷത്തിന്റെ ആനന്ദം പ്രധാനം ചെയ്യുന്ന, സദാ പ്രവർത്തനനിരതമായ ക്രിസ്ത്വാധി ഷ്ഠിത യുവത്വം നമുക്ക് ശീലമാക്കാം.



**മോനു ജോസഫ്**

എം.സി.വൈ.എം. സഭാതല പ്രസിഡന്റ്

www.malankaralibrary.com



# കാലഘട്ടത്തിന്റെ വിശുദ്ധർ



**റോഷൻ വർഗീസ്**
പ്രസിഡന്റ്
മാവേലിക്കര ഭദ്രാസനം

## ആരാണ് വിശുദ്ധർ...?

ഇന്നത്തെ കാലഘട്ടത്തിൽ യുവജനസഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് വിശുദ്ധരുടെ കുറവ്. ഒരു വിശുദ്ധനാവുക എന്ന് പറയുന്നത് തന്റെ സമയം മുഴുവൻ പ്രാർത്ഥനയിലും ധ്യാനത്തിലും ചിലവിട്ട് ദൈവവുമായുള്ള ഒരു ബന്ധം നേരിട്ട് സ്ഥാപിക്കുക എന്നുള്ളത് മാത്രമല്ല, മറിച്ച് കാലഘട്ടത്തിനനുസരിച് പാട്ട് പാടുന്ന, ഡാൻസ് കളിക്കുന്ന, ജീൻസും ടീ ഷർട്ടും ധരിക്കുന്ന, സാമൂഹിക മാധ്യമങ്ങളെ ഉപയോഗിക്കുന്ന ഇന്നത്തെ കാലത്തിന്റെ വിശുദ്ധർ.

അതെ "കാർലോ അക്യൂട്ടീസ്"നെ പോലെ ഉള്ള വിശുദ്ധർ. ഇന്നത്തെ നവമാധ്യമാങ്ങളിലൂടെ ഈശോയെ പങ്കുവെച്ച വിശുദ്ധൻ, അഞ്ജന ചേച്ചിയെ പോലെ തന്റെ മരണസമയത്തും എന്താണ് നിനക്ക് അവസാനമായുള്ള ആഗ്രഹം എന്ന ചോദ്യത്തിന് "എനിക്ക് എന്റെ ദിവ്യകാരുണ്യമായ ഈശോയെ ഒന്നുകൂടെ തന്റെ നാവിലൂടെ ഹൃദയത്തിലേക്ക് സ്വീകരിക്കണം" എന്ന മറുപടി കൊണ്ട് ഈ കാലഘട്ടത്തിലെ വിശുദ്ധയായി മാറിയ സ്ത്രീ. നമുക്കും മാതൃകയാക്കാം ഇങ്ങനെയുള്ള വിശുദ്ധരെ. കാലഘട്ടത്തിന്റെ വെല്ലുവിളികളെ മനസിലാക്കി അതിനെ നേരായ രീതിയിൽ നേരിട്ട് വി. കുർബാനയെ മുറുകെ പിടിച്ച്, ഈശോയെ ലോകത്തിന്റെ മുന്നിൽ തുറന്നുകാട്ടി നമുക്കും ഇന്നത്തെ വിശുദ്ധരായി മാറാം.

www.malankaralibrary.com



ക്രിസ്റ്റി രാജ്
സെൻട്രൽ സിൻഡിക്കേറ്റ്
മാവേലിക്കര ഭദ്രാസനം



# വി. യൗസേപ്പ്

നെറ്റിയിലെ വിയർപ്പുകൊണ്ട് നിത്യവൃത്തിക്കുള്ള വക കണ്ടെത്തുകയും കുടുംബത്തിനും സമൂഹത്തിനും വേണ്ടിയുള്ളതുകൂടി ആർജ്ജിക്കുന്നതിനായി ക്ലേശങ്ങൾ സഹിച്ചു പ്രകൃതിവിഭവങ്ങളെ അധ്വാനമാകുന്ന കർമ്മശേഷിയാൽ വിശിഷ്ടമാക്കുകയും ചെയ്യുന്ന തൊഴിലാളി സമൂഹത്തെ വളരെ ആദരവോടെയും ബഹുമാനത്തോടെയുമാണു തിരുസഭ നോക്കിക്കാണുന്നത്. മരപ്പണിക്കാരനെന്നും (മർക്കോ 6:3), മരപ്പണിക്കാരന്റെ മകനെന്നു (മത്താ 13:55) മായിരുന്നു നമ്മുടെ നാഥനും രക്ഷകനുമായ യേശു സ്വന്തം നാട്ടിൽ അറിയപ്പെട്ടിരുന്നത്.

സമ്പത്തിനോട് ആഗ്രഹമില്ലാത്തവനായിരുന്നു വിശുദ്ധ യൗസേപ്പ് പിതാവ്. തൊഴിലിനു കൊടുക്കുന്ന കൂലി കൊണ്ട് അദ്ദേഹം തൃപ്തനായി. ദൈവത്തിലുള്ള അചഞ്ചലമായ പ്രത്യാശയാണ് വി. യൗസേപ്പിനെ നയിച്ചിരുന്നത്. ആകാശത്തിലെ പറവകളെ പോറ്റുകയും വയലിലെ ലില്ലികളെ അലങ്കരിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ പൈതൃക പരിലാളനയിൽ പരിപൂർണ്ണ വിശ്വാസം അർപ്പിച്ചുകൊണ്ട് അദ്ധ്വാനപൂർണ്ണവും ക്ലേശഭൂയിഷ്ഠവുമായ ജീവിതം അദ്ദേഹം നയിച്ചു. വിശുദ്ധ യൗസേപ്പ് ദരിദ്രനായി ജനിച്ചതുകൊണ്ടായിരിക്കണം അദ്ദേഹത്തിന് ദരിദ്രരോടു പിതൃതുല്യമായ സ്നേഹമാണുള്ളത്. മനുഷ്യന്റെ പരിത്രാണ പരിപാടിയിൽ തൊഴിലിനു ശ്രദ്ധേയമായ സ്ഥാനമുണ്ട്. അത് നാം മനസ്സിലാക്കുന്നതിനു വേണ്ടിയാണ് ദൈവകുമാരനും അവിടുത്തെ വളർത്തു പിതാവും ഒരു തച്ചന്റെ ജോലി ചെയ്തത്.

'റേരും നൊവാരും മുതലുള്ള തിരുസഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചു വിശദമായി പഠിപ്പിച്ചുവരുന്നുണ്ട്. 'ക്രൈസ്തവ പാരമ്പര്യമനുസരിച്ചു തൊഴിൽ ഒരു കേവല പ്രവൃത്തി മാത്രമല്ല, തൊഴിൽ വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിൽ തൊഴിലാളികൾ പങ്കുചേരുന്നു. മാത്രമല്ല, കുടുംബത്തിന്റെയും അയല്ക്കാരുടെയും ആവശ്യങ്ങൾക്കനുസരിച്ചു തൊഴിലാളികൾ പ്രതികരിക്കുമ്പോൾ യേശുവിന്റെ രക്ഷാകര കർമത്തിലും അവർ പങ്കുചേരുന്നു. ജീവിതത്തിന്റെ വലിയൊരു ഭാഗം മരപ്പണിക്കാരനായി നസ്രത്തിൽ ചെലവഴിച്ച യേശു തന്റെ കാല്പാടുകൾ തൊഴിലിലൂടെ പിന്തുടരാൻ എല്ലാവരെയും ക്ഷണിക്കുന്നു.

തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങളും അന്താരാഷ്ട്ര തൊഴിലാളി ദിനമായ മെയ് ദിനത്തിന്റെ ആശംസകളും ഹൃദയപൂർവം നേരുന്നു.

www.malankaralibrary.com




# യുവജനങ്ങൾ പ്രത്യാശയുടെ സംഘാടകർ



**അനുഷ എൽദോ**
ബത്തേരി ഭദ്രാസനം

ഒരു കഥയോടുകൂടി നമുക്ക് തുടങ്ങാം. "Lost with a forest ". കാട്ടിലകപ്പെട്ടുപോയ അപ്പന്റെയും മകന്റെയും കഥ. ഒരിക്കൽ രണ്ടുപേരും കൂടി കാട്ടിലേക്കു യാത്ര പുറപ്പെട്ടു. പച്ചയും മഞ്ഞയും ചുമപ്പും പൂക്കൾ വിരിച്ച മരങ്ങളും ഇണപിണഞ്ഞു കിടക്കുന്ന കാട്ടുവള്ളികളും മിനുസമുള്ള കല്ലുകളിൽ തട്ടിത്തെറിച്ചു വരുന്ന കാട്ടാറും ഒക്കെ കടന്ന് അവർ കുറേ ദൂരം പോയി. അപ്പൻ സ്ഥിരമായി പോയിരുന്ന വഴിതെറ്റിയത് അപ്പോൾ മാത്രമാണ് അപ്പൻ അറിഞ്ഞത്. അപ്പൻ മകന്റെ കൈയിൽ മുറുക്കെ പിടിച്ചു.

'അപ്പാ... എന്തു പറ്റി... 'മകൻ ആശങ്കയോടെ ചോദിച്ചു.

'മോനേ... നമുക്ക് ചെറുതായി വഴി തെറ്റി...'

'ഇനി എന്തു ചെയ്യും അപ്പാ...' മകൻ പേടിയോടെ ചോദിച്ചു. നേരം ഇരുട്ടി. കാടിന്റേതായ ശബ്ദങ്ങൾ അവരെ പേടിപ്പിച്ചു. രണ്ടുപേരുടെയും ചങ്കുകൾ പെരുമ്പറ കൊട്ടിക്കൊണ്ടിരുന്നു.

'മോനേ നമുക്ക് എന്തായാലും മുൻപോട്ട് പോകാം..' അപ്പൻ പറഞ്ഞു.

'അതെന്തിനാ അപ്പാ... വഴിതെറ്റി എന്നുള്ളത് ഉറപ്പല്ലേ... ഇനിയും പോണോ...'

" life puts you in a circle.. Just forward.... "

www.malankaralibrary.com

ജീവിതം നമ്മെ വട്ടംകറക്കുമ്പോൾ എവിടെ... എന്തു ചെയ്യണം... എങ്ങോട്ട് പോകണം.. എന്ന് അറിയാതെ വരുമ്പോൾ മുന്നോട്ട് നീങ്ങുക...

അങ്ങനെ അവർ മുന്നോട്ട് നീങ്ങി. ഒടുക്കം അവർ കാടിന്റെ പുറത്തെത്തി. ഇനി എന്താണ് എന്ന് അറിയാതെ വരുമ്പോൾ ഈശോയുടെ കൈപിടിച്ച് നീങ്ങാം. അവൻ നമ്മെ നയിക്കും.

## ഫ്രാൻസിസ് അസ്സീസിയും യുവജനങ്ങളും

റഷ്യയിലെ കമ്മ്യൂണിസ്റ് നേതാവ് ലെനിൻ ഇപ്രകാരം പറയുന്നു.

'ആയിരം അസ്സീസിമാർ റഷ്യയിൽ ഉണ്ടായിരുന്നെങ്കിൽ റഷ്യ എന്നേ മാനസാന്തരപെട്ടേനെ...'

രണ്ടാം ക്രിസ്തു എന്ന വിളിപേരിൽ അറിയപ്പെടുന്ന വി. ഫ്രാൻസിസ് അസ്സീസി യുവജനങ്ങളുടെ വഴികാട്ടിയും മധ്യസ്ഥനും ഒക്കെയാണ്. സഭയുടെ ഇരുണ്ട കാലഘട്ടത്തിൽ ഉള്ളതെല്ലാം ഉപേക്ഷിച്ചു പഞ്ചക്ഷതങ്ങൾ ഏറ്റുവാങ്ങി മണ്ണിലേക്ക് പിൻവാങ്ങിയ അസ്സീസിയുടെ ജീവിത രഹസ്യവും ധൈര്യവും ക്രിസ്തുവിലുള്ള പ്രത്യാശയും വിശ്വാസവുമാണ്. അസ്സീസിയെ പിൻചെന്നുകൊണ്ട് രണ്ടാം ക്രിസ്തുവായി നാമോരുത്തരും ക്രിസ്തു എന്ന പ്രത്യാശ മറ്റുള്ളവർക്ക് പകർന്നുകൊടുക്കണം. ഇത് തന്നെയാണ് MCYM പ്രസ്ഥാനത്തിന്റെ ലക്ഷ്യവും. യേശുക്രിസ്തുവിലൂടെ ലഭ്യമായ രക്ഷാകരപദ്ധതി അതിന്റെ എല്ലാ പ്രത്യാശയോടും കൂടി മറ്റുള്ളവർക്ക് ലഭ്യമാക്കുക എന്നത് ഓരോ ക്രിസ്ത്യാനിയുടെയും പരമമായ ലക്ഷ്യമാണ്.





## പ്രത്യാശയും യേശുക്രിസ്തുവും

യേശുക്രിസ്തു എളിയവനിൽ എളിയവനായി കാലിത്തൊഴുത്തിൽ പിറന്ന് അവസാനം നാമെല്ലാവർക്കും വേണ്ടി രക്തം ചിന്തി കുരിശിൽ മരിച്ച് മൂന്നാം നാൾ ഉത്ഥാനം ചെയ്തു എന്ന പ്രത്യാശ തന്നെയാണ് ഒരു ക്രിസ്ത്യാനിക്ക് ഏറ്റവും വലിയ ആയുധവും ധൈര്യവും. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആണിപ്പഴുതുകളിൽ പ്രത്യശയുടെ കണികകൾ തെളിഞ്ഞുകൊണ്ടിരുന്നു.

ക്രിസ്തുവിന്റെ പുനരാഗമനവും സ്വർഗ്ഗമെന്ന പ്രത്യാശയും എല്ലാം തന്നെ ക്രിസ്തുവിന്റെ അനുയായികളായി തുടരാൻ നമ്മെ പ്രേരിപ്പിക്കുന്നു.

പ്രശ്നങ്ങൾ വരുമ്പോൾ തളന്നുപോകാതെ മുന്നോട്ട് നയിക്കാൻ ക്രിസ്തു നമ്മോട് കൂടെയുണ്ട്. ആ കൈപിടിച്ചു നടക്കാൻ നാം മറക്കുമ്പോൾ നാം നമ്മെതന്നെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. പ്രത്യാശ യോടെയുള്ള ജീവിതം നമ്മെ ലക്ഷ്യത്തിൽ എത്തിക്കും.

www.malankaralibrary.com



# നാൾവഴികൾ!



**ജെയ്മോൻ അയ്യനേത്ത്**
തിരുവനന്തപുരം മേജർ അതിഭദ്രാസനം

ഭൂമിയിലെ ജീവനുള്ള എല്ലാറ്റിലും ഒരു പൊതുവായ സവിശേഷത കുടികൊള്ളുന്നുണ്ട്. തങ്ങൾക്ക് അനുയോജ്യമായ സ്ഥലങ്ങളിലേക്ക് ചേക്കേറുക അല്ലെങ്കിൽ നീങ്ങി പാർക്കുക, ഇത്തരം ഓരോ എത്തിച്ചേരലുകളും കേവലം മാനവചരിത്രത്തിന്റ വാതായനങ്ങൾ തുറക്കുക എന്നതിനപ്പുറം ജീവചരിത്രത്തിന്റെ, അഥവാ അവ പുതുക്കി എഴുതുവാനുള്ള പുതുയാത്രകളുടെ തുടക്കമായിരുന്നു. ദാരിദ്ര്യത്തിന്റെ പിടിയിലകപ്പെട്ട സാധാരണ മനുഷ്യർ അതിൽ നിന്നും മോചനം നേടുന്നതിനായി ഭക്ഷണം തേടി അലഞ്ഞുതിരിയുന്നതിൽ തുടങ്ങി ഉപജീവന മാർഗത്തിനായി ഉരുക്കളിൽ കയറി ഗൾഫിലും ആഫ്രിക്കയിലും പോകുന്ന കാലവും കടന്ന്, ചന്ദ്രനോ ചൊവ്വായോ അതോ അതിനപ്പുറമുള്ള ആകാശഗോളങ്ങളെ വാസസ്ഥലമാക്കാൻ വെമ്പിനിൽക്കുന്ന മനുഷ്യന്റെ അടങ്ങാത്ത അഭിവാഞ്ജക്ക് അവൻ തന്നെ നൽകിയ പേരാണ് കുടിയേറ്റം.....

വിശാലമായ ആധുനിക കാലഘട്ടത്തിൽ മനുഷ്യർ അവരുടെ ആവശ്യങ്ങൾക്കും താൽപ്പര്യങ്ങൾക്കും തങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുമായി കടൽ കടന്നുപോകുന്ന പ്രവണത വളരെ വർധിക്കുന്നു. എന്നാൽ പലപ്പോഴും ഒരു വ്യക്തി എന്ന നിലയിൽ തന്നോടും തന്റെ നാടിനോടും നിറവേറ്റേണ്ട കടമകളും കർത്തവ്യങ്ങളും അവർ മറന്നുപോകുന്നു.

മറ്റ് നാടുകളിൽ നമ്മുടെ യുവാക്കൾക്ക് ലഭിക്കുന്ന സൗകര്യങ്ങളും പഠനസേവനവഴികളിൽ കിട്ടുന്ന സാധ്യതകളും നമ്മുടെ കൊച്ചുകേരളത്തിൽ ലഭ്യമല്ല. ദൈവത്തിന്റെ സ്വന്തം നാട്ടിൽ നിന്ന് ആ നാടിന്റെ മക്കൾ കൂട്ടത്തോടെ പലായനം ചെയ്യുന്നത് എത്ര സങ്കടകരമാണ്.

നമ്മുടെ നാട്ടിൽ ഇന്നുള്ള സാഹചര്യങ്ങളും അവസരങ്ങളും പൂർണ്ണമായി ഉപയോഗിക്കുകയും നമുക്ക് വേണ്ടുന്ന നമ്മുടെ നാളേക്ക് വേണ്ടുന്ന സൗകര്യങ്ങൾ നമ്മളാൽ തന്നെ സൃഷ്ടിച്ച് അവ മറ്റുള്ളവർക്ക് കൂടി

www.malankaralibrary.com

തുറന്ന് നൽകുക എന്നതാണ് ഈ അവസരത്തിൽ നമ്മൾ കൂലംകുഷമായി ചിന്തിക്കേണ്ട, പ്രാധാന്യം കൊടുക്കേണ്ട വിഷയം. ഇല്ലെങ്കിൽ കേരളം ഒരു വൃദ്ധാലയമാവുകയും ചില അവിശുദ്ധ താല്പര്യക്കാർ നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയും വ്യക്തിത്വത്തെ ചോദ്യം ചെയ്യുകയും ചെയ്യും.

വിദേശത്തുള്ള പല യുവജനങ്ങളോടും സംസാരിച്ചപ്പോൾ അവർ പറഞ്ഞ ചില കാര്യങ്ങളുണ്ട്; അവർക്ക് അവിടെ നിൽക്കാൻ താല്പര്യം ഒന്നുമില്ല; എന്നാൽ തൊഴിലില്ലായ്മ , ശമ്പളക്കുറവ്, നികുതി, വിലക്കയറ്റം അങ്ങനെ കേരളത്തിലെ അവസ്ഥ കണ്ടാൽ അത്തരം ഒരു സാമൂഹ്യ പരിസ്ഥിതിയിൽ ജീവിക്കുക എന്നത് ശ്രമകരമാണ്. നമ്മുടെ നാട്ടിൽ നിന്ന് വരുന്ന ഓരോ വാർത്തകൾ കേട്ടാൽ, നമ്മുടെ ചുറ്റിലുമുള്ള ഓരോ കാര്യങ്ങളും കണ്ടാൽ എങ്ങനെയാണ് സുഹൃത്തേ മനസ്സമാധാനത്തോടെ ഇവിടെ നമുക്ക് ജീവിക്കാൻ സാധിക്കുന്നത്?? പക്ഷേ സ്വന്തം അമ്മ! ക്രൂരത അനുഭവിക്കുമ്പോൾ ഓടിയകലുന്നതിനേക്കാൾ അമ്മയ്ക്ക് കാവലായി നിന്നുകൊണ്ട് ശത്രുക്കളെ നേരിടാൻ നമുക്ക് സാധിക്കണം. അതെ ഹിന്ദുവും മുസൽമാനും ക്രിസ്ത്യനും പിന്നെ മറ്റനേകം മതവിശ്വാസികളും അടങ്ങുന്ന ഈ രാജ്യത്തിന്റെ മക്കളായ നാം ഓരോരുത്തരും രാജ്യത്തിനെതിരെ വരുന്ന ശക്തി അത് രാജ്യത്തിന്റെയുള്ളിൽ നിന്നാണെങ്കിലും പുറത്തു നിന്നാണെങ്കിലും തടയാനുള്ള ധീരത ആർജിക്കേണ്ടതാണ്. കാരണം സമയം അടുത്തിരിക്കുന്നു. ജനാധിപത്യ ആദർശങ്ങളുടെ നിലനിൽപ്പിലും നമ്മുടെ നാടിന്റെ വളർച്ചയിലും പ്രത്യാശയോടെ മുന്നേറുന്ന ഒരു പറ്റം യുവജനങ്ങളെ ആവശ്യമാണ് ഇത്.





ആ യുവജനങ്ങൾ നീ ആയിരികട്ടെ ഞാൻ ആയിരിക്കട്ടെ നമ്മൾ ഓരോരുത്തരും ആയിരിക്കട്ടെ

ഇന്നിത് എഴുതുമ്പോൾ എനിക്ക് ഒരു പ്രതീക്ഷയുണ്ട് മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിൽ, പ്രസ്ഥാനത്തിലെ ഓരോ രൂപതകളിലും രൂപതകളിലെ ഓരോ മേഖലകളിലും, മേഖലകളിലെ ഓരോ യൂണിറ്റുകളിലും യൂണിറ്റുകളിലെ ഓരോ അംഗങ്ങളിലും എനിക്ക് പ്രതീക്ഷയുണ്ട് !

അവരവർ ആയിരിക്കുന്ന മേഖലകളിൽ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് സഭയെ കെട്ടിപ്പടുക്കുന്നതിനൊപ്പം തന്നെത്തന്നെയും തന്റെ രാഷ്ട്രത്തിന്റെയും നിർമ്മാണത്തിൽ നിർണായക പങ്കുവഹിച്ചു കൊണ്ട് ജീവിതത്തിൽ മുന്നേറുവാനും ക്രിസ്തുവിലേക്ക് വളരുവാനും നമ്മുടെ യുവത്വങ്ങൾക്കാവും എന്നും.

‘‘അങ്ങനെ അവരെ മുന്നേറാൻ പ്രചോദിപ്പിക്കുന്ന സംഘടനയുടെ പേരാണ് എം.സി.വൈ.എം. എന്നും ഞാൻ ഉറച്ചു വിശ്വസിക്കുന്നു ആയതിനാൽ നല്ലൊരു രാഷ്ട്രം കിനാവുകണ്ട് നമ്മുടെ തലമുറയ്ക്കാവശ്യമുള്ളവ ഇവിടെ തന്നെ സൃഷ്ടിച്ച്, രാഷ്ട്രബോധമുള്ള, പ്രത്യാശയുള്ള ഒരുപറ്റം യുവജനങ്ങളായി നമുക്ക് ധീരതയോടെ മുന്നേറാം!

www.malankaralibrary.com



# പ്രത്യാശയ്ക്കുവേണ്ടി ഒരു യാത്ര....

വിജനമാം വഴിവക്കുകളിൽ നിരന്തരം നമ്മോടു പറയുന്നിതാ
മാറിടുന്ന കാഴ്ചകളെയും സംഹിതകളെ ആശ്ലേഷിക്കുന്നു.

മൗനവ്യഥകളോട് നമ്മൾ വെറുതെയെങ്കിലും മല്ലിട്ടിരുന്നെങ്കിൽ
നിലയില്ലാത്ത, അവസ്ഥകൾ ഉണ്ടാകുമായിരുന്നില്ല.

ചേക്കേറാൻ വിതുമ്പുന്ന യുവതേ, എങ്ങോട്ടെന്നില്ലാതെ ഓടി
ഒളിക്കുകയാണല്ലോ നിങ്ങൾ എവിടെയും നിശബ്ദത മാത്രമായി.

കാലങ്ങളും കാതങ്ങളും താണ്ടി
ഇനിയും ചേക്കേറി പോയിടുന്ന
യുവതയേ കാണുമ്പോൾ അവരിലെ നിസഹായരുടെ
ജീവിതങ്ങളേറയെത്ര.

എവിടെയും എങ്ങും ആരുമില്ല
വഴിയോരങ്ങൾ ഒഴിഞ്ഞുക്കിടക്കുന്നു
കടമുറിയിലെ സായാഹ്ന കഥകളില്ല
പൊട്ടി പടരുന്ന ചിരികളുമില്ല.

മേഘങ്ങൾക്കിടയിൽ സൂര്യൻ ഒളിക്കുന്നിതുപോലെ
നമ്മളെ വിട്ടു അവർ ദൂരെയെങ്ങോ
ഒളിച്ചിടുന്നു പുതിയ കഥകൾ തേടി
വൃദ്ധസദനങ്ങളുടെ വാതിലുകൾ
മലർക്കെ തുറക്കുന്നിതാ
അല്ല, അത് എന്റെ വീടുതന്നെയായിരുന്നു.
അവിടെയും ശൂന്യത മാത്രം
നിരനിരയായി അടഞ്ഞു കിടക്കുന്ന വാതിലുകൾ.
വല്ലപ്പോഴും മാറാല തട്ടാനായി
ആരോ തുറക്കുന്നതു കേൾക്കാം

അവരെല്ലാം ഒരു യാത്രയിലാണത്രെ
ജീവിത നങ്കൂരം തേടിയുള്ള
ഉറ്റവരെയും ഉടയവരെയും തനിച്ചാക്കി
പ്രത്യാശകൾക്കുവേണ്ടിയുള്ള തീർത്ഥാടനത്തിൽ.....



**ഒലീവിയ എം. സെബാസ്റ്റ്യൻ**
പത്തനംതിട്ട ഭദ്രാസനം

www.malankaralibrary.com



**Roshni B**
*Vice President*
*Diocese of Puttur*

# JOY OF LIVING HOPE

***"But those who hope in the Lord will renew their strength.
They will soar on wings like eagles; they will run and not grow weary,
they will walk and not be faint."***

*(Isaiah 40:31)*

His Holiness Pope Francis in his message for the XXXVIII World Youth Day - "You are indeed the joyful hope of the Church and of a humanity always on the Move. I would like to take you by the hand and walk with you on the path of hope. I would like to Speak with you about our joys and hopes, but also of our sorrows and concerns, and those of all our brothers and sisters in the human family." Pope Francis calls us "The Hope of the Holy Church" undeniably we are the HOPE of

www.malankaralibrary.com



the future, the better future of the Church. The present and the future of life are all in the hands of young people. And the responsibility is ours to make it brighter and better…

Our hope is grounded in what Christ has already done; he CAME, he DIED, and he ROSE,.. All for us. God has been faithful to his promises by sending Christ. By coming up to us and in his resurrection he addressed the problem of the broken world. The Old Testament states that hope is rooted in God. The hope of the Israelites was a wishful thought they had. With faith, the Lord made it happen. Whereas the New Testament gave us the Living hope of life. Always remember our hope always comes from God and His Word.

Jesus Christ to Peter and Andrew as they were fishing in the Galilean waters "'Come, follow me' Jesus said, 'and I will send you out to fish for people.'" (Matthew 4:16) This was a life changing moment for both of them and also to all who accept his call. Listen to the call; As we believe, experience and live in Christ. He called us by Name, to bear the fruit of…

"Don't let anyone look down on you because you are young, but set an example for the believers in speech, in conduct, in love, in faith and in purity." (1 Timothy 4:12)

With Jesus by your side you are constantly picked up and encouraged to keep going to fulfill the God given mission in life. Yes! We are all given a mission to finish-up. Your creator sent you with a Purpose. God has promised to guide you step by step to fulfill the purpose of life. So trust in the Lord with all your heart, listen to his words, acknowledge him, and he will make your paths straight and easy.

Let's keep our hope in the Lord, For he is the way, the truth, and the life…

## സഭാതലസമിതി

### TANIO 2024



എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ സഭയിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾക്ക് വേണ്ടി നടത്തിയ റിസോഴ്സ് ടീം ട്രെയിനിങ് ടാനിയോ 2024 മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആതിഥേയത്വ ത്തിൽ ഏപ്രിൽ 13-ാം തീയതി രാവിലെ 8:30 മണി മുതൽ മാർത്താണ്ഡം ഇന്റഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റി വച്ച് നടത്തപ്പെട്ടു.

മാർത്താണ്ഡം ഭദ്രാസന എം.സി.വൈ.എം. ആനിമേറ്റർ റവ. സി. ഫ്ളവർ ജോൺ DM എം.സി.വൈ.എം. പതാക ഉയർത്തി. യുവജന കമ്മീഷൻ ചെയർമാനും തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായ മെത്രാനുമായ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പാ ട്രെയിനിങ് പ്രോഗ്രാമിന്റെ ഉദ്ഘാടനം നിർവഹിച്ചു.

സഭാതല പ്രസിഡന്റ് ശ്രീ. മോനു ജോസഫ് യോഗ ത്തിന് അധ്യക്ഷത വഹിക്കുകയും ചെയ്തു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 60 പ്രതിനിധികൾ TANIO 2024ൽ സംബന്ധിച്ചു.

ട്രെയിനിങ്ങിന്റെ ആദ്യ സെഷനിൽ 'യൂത്ത് ആനിമേഷൻ' എന്ന വിഷയത്തിൽ റവ. ഫാ. പ്രദീപ് വാഴത്തറമലയിൽ ക്ലാസ് നയിച്ചു.

ഉച്ചകഴിഞ്ഞുള്ള സെഷനുനിൽ എം.സി.വൈ.എം.ന്റെ ഈ വർഷത്തെ പഠന വിഷയമായ 'യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ' എന്ന വിഷയത്തിൽ സഭാതല ഡയറക്ടർ റവ. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് ക്ലാസ് നയിച്ചു.

തുടർന്ന് എന്താണ് എം.സി.വൈ.എം.? എങ്ങനെയാണ് എം.സി.വൈ.എം. പ്രവർത്തനങ്ങൾ നടത്തേണ്ടത്? എന്നീ വിഷയത്തിൽ മാർത്താണ്ഡം ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത യുവജനങ്ങളോട് സംവദിച്ചു.

മാർത്താണ്ഡം ഭദ്രാസന ഡയറക്ടർ ഫാ. ജോണി ആൽഫറ്റ്, സഭാതല ജനറൽ സെക്രട്ടറി ലിനു ഡാനിയൽ, സഭാതല വൈസ് പ്രസിഡണ്ടുമാരായ അക്സ രാജൻ, സിറിൽ തോമസ്, സെക്രട്ടറിയായ സെബിൻ മാത്യു, മാർത്താണ്ഡം ഭദ്രാസന പ്രസിഡന്റ് ആഷ്ബിൻ റിച്ചാർഡ് എന്നിവർ സംസാരിച്ചു.

ഡൽഹി - ഗുഡ്ഗാവ് ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോസഫ് മുണ്ടപ്പള്ളിൽ, മാവേലിക്കര ഭദ്രാസന അസിസ്റ്റൻറ് ഡയറക്ടർ റവ. ഫാ. ജോൺ അയനുവേലിൽ, തിരുവല്ല അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ചെറിയാൻ കുരിശ്ശുമൂട്ടിൽ സിസ്റ്റർ ആനിമേറ്റർ റവ.സി.അലീന S.I.C. എന്നിവരും സന്നിഹിതരായിരുന്നു.

മാർത്താണ്ഡം ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

### ആശംസകൾ




കേരള കത്തോലിക്ക യുവജന പ്രസ്ഥാനം (കെ.സി.വൈ.എം.) സംസ്ഥാന സമിതിയുടെ 2024 പ്രവർത്തനവർഷത്തിലെ അഡ്വൈസറി കമ്മിറ്റി അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട എം.സി.വൈ.എം. സഭാതല സമിതി ആനിമേറ്ററും മൂവാറ്റുപുഴ ഭദ്രാസനാഗവുമായ വി. സി. ജോർജ്ജ്കുട്ടി സാർ, മുൻ

സഭാതല പ്രസിഡന്റും പത്തനംതിട്ട ഭദ്രാസനാംഗവുമായ ശ്രീ. റെന്നി രാജ് തേവർതോട്ടത്തിൽ എന്നിവർക്ക് മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാന സഭാതല സമിതിയുടെ ആശംസകൾ.

### പ്രാർത്ഥനാശംസകൾ




കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റിലേക്ക് മലങ്കര സുറിയാനി കത്തോലിക്ക സഭയെ പ്രതിനിധീകരിച്ച് ഡയറക്റ്റേഴ്സ് സിൻഡിക്കേറ്റായി തിരഞ്ഞെടുക്കപ്പെട്ട എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന അസി. ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടന് പ്രാർത്ഥനാശംസകൾ...

## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### LUMEN 2024 നേതൃത്വ പരിശീലന ക്യാമ്പ്

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ ആതിഥേയത്വത്തിൽ മാർ ഈവാനിയോസ് കോളേജ് സിൽവർ ജൂബിലി ഓഡിറ്റോറിയത്തിൽ വച്ച് മാർച്ച് 8, 9 തീയതികളിൽ നടത്തപ്പെട്ട 2 ദിവസത്തെ നേതൃത്വ പരിശീലന ക്യാമ്പ് Lumen 2024 ഏറ്റവും മനോഹരമായി തന്നെ പര്യവസാനിക്കുകയുണ്ടായി.

9 വൈദിക ജില്ലകളിൽ നിന്ന് 60 ഓളം യുവജന നേതാക്കന്മാർ പങ്കെടുത്ത ക്യാമ്പിന്റെ ഉദ്ഘാടന കർമ്മം ബഹുമാനപ്പെട്ട വർക്കി ആറ്റുപുറത്ത് കോർ എപ്പിസ്ക്കോപ്പ നിർവഹിക്കുകയും തുടർന്ന് രണ്ടു ദിനങ്ങളായി നേതൃത്വ പാഠവത്തിന്റെ വ്യത്യസ്തമായ തലങ്ങളെ അടിസ്ഥാനമാക്കി ജയ്സൺ അറക്കലും ഷിബിൻ സാറും എം.സി.വൈ.എം. ഭരണഘടന അടിസ്ഥാനമാക്കി ബഹുമാനപ്പെട്ട തോമസ് കയ്യാലക്കൽ അച്ചനും ക്ലാസുകൾ നയിക്കുകയുണ്ടായി. ബഹു. വൈദിക ജില്ലകളിലെ ഡയറക്ടറച്ചന്മാരും, ആനിമേറ്റർ സിസ്റ്റേഴ്സും പങ്കെടുക്കുകയുണ്ടായി.




## തിരുവല്ല അതിഭദ്രാസനം


### എമ്മാവൂസ്

എം.സി.വൈ.എം., തിരുവല്ല അതിഭദ്രാസന യുവജന വർഷ ഉദ്ഘാടനവും, പ്രവർത്തന വർഷ ആരംഭവും 2024 മാർച്ച് 8–ാം തീയതി ആലുംതുരുത്തി സെന്റ് മേരീസ്മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ (മാർത്തോമൻ മരിയൻ തീർത്ഥാടന കേന്ദ്രം, നിരണം) വച്ച് നടത്തപ്പെട്ടു. ഉച്ചക്ക് 2 മണിക്ക് ഫാ. തോമസ് തൈക്കാട്ടിന്റെ നേതൃത്വത്തിൽ തിരു



വല്ല അതിഭദ്രാസനത്തിന്റെ ഇന്റർ സെഷൻ മിനിസ്ട്രി അംഗങ്ങളും ചേർന്ന് നടത്തിയ ആരാധനയോടെ ആരംഭിച്ച യോഗത്തിന് ഫാ. ബെർണി വർഗീസ് OFM യുവജന സെമിനാറിന് നേതൃത്വം നൽകി. MCYM പ്രാർത്ഥനയോടെയും, ബൈബിൾ വായനയോടെയും കൂടി ആരംഭിച്ച പൊതുസമ്മേളനത്തിന് അതിഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. ഷെറിൻ കാരിക്കോട്ട് സ്വാഗതം ആശംസിച്ചു. അതിഭദ്രാസന പ്രസിഡന്റ് ശ്രീ. സിറിയക്ക് വി ജോൺ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ, അതിഭദ്രാസന ഡയറക്ടർ ഫാ. ചെറിയാൻ കുരിശുംമൂട്ടിൽ ആമുഖസന്ദേശം നൽകി. തുടർന്ന് യുവജന വർഷ ഉദ്ഘാടനവും പ്രവർത്തന വർഷ ഉദ്ഘാടനവും തിരുവല്ല അതിഭദ്രാസനാധ്യക്ഷൻ അഭി വന്ദ്യ. ഡോ. തോമസ് മാർ കുറിലോസ് മെത്രാപ്പോലീത്ത നിർവഹിച്ചു. യുവജന വർഷത്തിന്റെ തുടക്കമായി അഭിവന്ദ്യ പിതാവിൽ നിന്നും അതിഭദ്രാസന പ്രസിഡന്റും വൈദിക ജില്ലകളിലെ പ്രസിഡന്റുമാരും യുവജനവർഷ തിരി കൈമാറി കത്തിച്ചു. അതിഭദ്രാസനത്തിൽ നിന്നും സഭാതല പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. മോനു ജോസഫിനെയും അതിഭദ്രാസന മുൻ സമിതി (2022-23) അംഗങ്ങളെയും ആദരിച്ചു. MCYM നിരണം മേഖല ഡയറക്ടർ ഫാ. ജോസഫ് കരിപ്പായിൽ, ആലുംതുരുത്തി യൂണിറ്റ് ഡയറക്ടർ ഫാ. അലക്സ് കണ്ണമല, എം.സി.എ. നിരണം മേഖല പ്രസിഡന്റ് ശ്രീ. ബിജു പാലത്തിങ്കൽ, MCYM നിരണം മേഖല സെക്രട്ടറി ജിഷാ ജേക്കബ് എന്നിവർ യോഗത്തിന് ആശംസകൾ അറിയിച്ചു സംസാരിച്ചു. മാർച്ച് 8 ലോക വനിതാ ദിനത്തോടനുബന്ധിച്ചു സമ്മേളനത്തിൽ കടന്നുവന്ന എല്ലാ വനിതകളോടുമുള്ള ആദരാസുചകമായി അഭി. ഡോ. തോമസ് മാർ കൂറിലോസ് പിതാവ് ജപമാല നൽകി ആദരിച്ചു. തുടർന്ന് അതിഭദ്രാസന ട്രഷറർ ശ്രീ. മാത്യു ജോസഫ് സമ്മേളനത്തിന് ഔപചാരികമായി കൃതജ്ഞത രേഖപ്പെടുത്തി യോഗം പര്യവസാനിച്ചു. അതിഭദ്രാസനത്തിലെ വിവിധ യൂണിറ്റുകളിൽ നിന്നായി 150 ഓളം യുവജനങ്ങൾ പങ്കെടുത്തു.

## ഉർഹോ ദ് ഹായോ




പാതിനോമ്പ് മുതൽ ഉള്ള എല്ലാം ദിവസങ്ങളിലും എല്ലാ മേഖലകളെയും ഉൾപ്പെടുത്തി നോമ്പ് കാല ചിന്തകൾ ഉർഹോ ദ് ഹായോ യൂട്യൂബിലൂടെ സംപ്രേക്ഷണം ചെയ്തു.

## എഫാത്താ - യൂണിറ്റ് വിസിറ്റ്




യുവജന വർഷവുമായി ബന്ധപ്പെട്ട് യൂണിറ്റുകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഏപ്രിൽ മാസം ഇരുപത്തിയൊന്നാം തീയതി മുതൽ അതിഭദ്രാസനതല യൂണിറ്റ് വിസിറ്റ് ആരംഭിച്ചു.

# ബത്തേരി ഭദ്രാസനം

## ഗാഗുൽത്ത 2024 കുരിശിന്റെ വഴി



എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കൽപ്പറ്റ മേഖലയുടെ ആതിഥേയത്വത്തിൽ 23/03/2024 ശനിയാഴ്ച ഗാഗുൽത്ത 2024 കുരിശിന്റെ വഴി നടത്തപ്പെട്ടു. കാൽവരി ക്രൂശിൽ മനുഷ്യരക്ഷയ്ക്കായ് ദിവ്യനാഥൻ ചിന്തിയ തിരുരക്തത്തെ അനുസ്മരിച്ചു കൊണ്ട് യുവജനങ്ങൾ കുരിശിന്റെ വഴിയിൽ പങ്കാളികളായി. രാവിലെ 6:30 ന് നടന്ന വി. കുർബാനയ്ക്ക് എം.സി.വൈ.എം. ബത്തേരി ഭദ്രാസന അസ്സി. ഡയറക്ടർ ബഹു. ജോസഫ് മാത്യു ചേലംപറമ്പത്ത് അച്ചൻ, ബഹു. ചാക്കോ വെള്ളാംചാലിൽ അച്ചൻ, ബഹു. എബ്രഹാം പുന്നവിളയിൽ അച്ചൻ എന്നിവർ നേതൃത്വം നൽകുകയും ബഹു. എബ്രഹാം പുന്നവിളയിൽ അച്ചൻ അനുഗ്രഹ പ്രഭാഷണം നൽകുകയും ചെയ്തു. കൽപ്പറ്റ മേഖല പ്രസിഡന്റ് ഫ്രാൻസിസ് സേവ്യർ സ്വാഗതം ആശംസിച്ചു. എം.സി. വൈ.എം ബത്തേരി ഭദ്രാസന ഡയറക്ടർ ബഹു. ഗീവർഗീസ് മഠത്തിൽ അച്ചൻ ആമുഖ പ്രഭാഷണം നൽകി. തുടർന്ന് വികാരി ജനറൽ വെരി. റവ. ഡോ. ജേക്കബ് ഓലിക്കൽ അച്ചൻ പ്രാരംഭ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

## വനിതാദിനാചരണവും, വനിതാ സംരംഭകരെ ആദരിക്കലും, യുവജന വർഷ ആരംഭവും



എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ബത്തേരി മേഖലയുടെ ആതിഥേയത്വത്തിൽ ബത്തേരി ശ്രേയസ് ഓഡിറ്റോറിയത്തിൽ വച്ച് 'അവൾ പറന്നുയരട്ടെ' വനിതാദിനാചരണവും, വനിതാ സംരംഭകരെ ആദരിക്കലും യുവജനവർഷ ഉദ്ഘാടനവും നടത്തപ്പെട്ടു. 150 ഓളം പേർ പങ്കെടുത്ത പരിപാടിക്ക് എം.സി.വൈ.എം. ബത്തേരി മേഖലാ പ്രസിഡന്റ് അനുമോൾ ഏലിയാസ് സ്വാഗതം ആശംസിച്ചു. എം.സി.



വൈ.എം. ബത്തേരി ഭദ്രാസന ജനറൽ സെക്രട്ടറി അഞ്ജിത റെജി അധ്യക്ഷത വഹിച്ചു. എം.സി.വൈ.എം. ബത്തേരി ഭദ്രാസന ഡയറക്ടർ ബഹു. ഗീവർഗീസ് മഠത്തിൽ അച്ചൻ പരിപാടിക്ക് ആമുഖസന്ദേശം നൽകി. ബത്തേരി ഭദ്രാസനാധ്യക്ഷൻ അഭി. ഡോ. ജോസഫ് മാർ തോമസ് പിതാവ് വനിതാ ദിനാചരണവും യുവജന വർഷവും ഉദ്ഘാടനം ചെയ്തു. വനിതകളുടെ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചും സമൂഹത്തിന്റെ നിലനിൽപിന് വനിതളുടെ പങ്ക് വലുതാണെന്നും പിതാവ് പറഞ്ഞു. വനിതാ വികസന കോർപ്പറേഷൻ ചെയർപേഴ്സൺ ബഹു. റോസക്കുട്ടി ടീച്ചർ പരിപാടിക്ക് മുഖ്യസന്ദേശം നൽകി. സ്ത്രീകളും പുരുഷന്മാരും ഒരുമിച്ച് ചിറകുകൾ വിരിച്ച് പറന്നാൽ മാത്രമേ സമൂഹത്തിന് നിലനിൽപ്പ് ഉണ്ടാകു എന്ന് ടീച്ചർ പറഞ്ഞു. എം.സി. വൈ.എം. ബത്തേരി ഭദ്രാസന പ്രസിഡൻറ് ശ്രീ. എബി എബ്രഹാം, എം.സി.വൈ.എം. ബത്തേരി മേഖലാ ഡയറക്ടർ ബഹു. ഫാ. മാത്യു ചൂരക്കുഴിയിൽ, എം.സി.വൈ.എം. ബത്തേരി ഭദ്രാസന ആനിമേറ്റർ ബഹു. സി. ശാലീന മാത്യു ഡി.എം., കെ.സി.വൈ.എം. സിൻഡിക്കേറ്റ് മെമ്പർ ജിബി ഏലിയാസ് എന്നിവർ പരിപാടിക്ക് ആശംസകൾ അറിയിച്ചു സംസാരിച്ചു.

തുടർന്ന് നിലമ്പൂർ, കണ്ണൂർ, എടക്കര, കൽപ്പറ്റ, പുൽപ്പള്ളി, ബത്തേരി എന്നീ മേഖലകളിൽ വ്യത്യസ്തമായ സംരംഭങ്ങൾക്ക് നേതൃത്വം നൽകി സമൂഹത്തിന് മാതൃകയായ വനിത സംരംഭകരെ ആദരിച്ചു. കെ.സി. വൈ.എം. സെനറ്റ് മെമ്പർ ശ്രീ. റോബിൻ ജോസഫ് പരിപാടിക്ക് നന്ദി അറിയിച്ചു സംസാരിച്ചു.

## കർമ്മവീഥി പ്രകാശനം ചെയ്തു

എം.സി.വൈ.എം. ബത്തേരി ഭദ്രാസനത്തിന്റെ 2024 – 2025 വർഷത്തെ കർമ്മവീഥി 'കനൽ' ബത്തേരി



ബിഷപ്പ് ഹൗസിൽ വച്ച് ബത്തേരി ഭദ്രാസനാധ്യക്ഷൻ അഭി. ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു. എം.സി.വൈ.എം. ബത്തേരി ഭദ്രാസന ജനറൽ സെക്രട്ടറി അഞ്ജിത റെജി സ്വാഗതം ആശംസിക്കുകയും എം.സി.വൈ.എം. ബത്തേരി ഭദ്രാസന പ്രസിഡന്റ് എബി എബ്രഹാം അധ്യക്ഷത വഹിക്കുകയും ചെയ്തു. യുവജനങ്ങളെ സഭയോട് ചേർത്തുനിർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പിതാവ് സംസാരിക്കുകയും, കർമ്മപരിപാടികൾക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. തുടർന്ന് കെ.സി.വൈ.എം. സെനറ്റ് മെമ്പർ അജിൻ തോമസ് പിതാവിന് ജന്മദിനത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് സംസാരിക്കുകയും അതിനു ശേഷം പിതാവ് കേക്ക് മുറിച്ച് ജന്മദിനത്തിന്റെ മധുരം എല്ലാവർക്കും നൽകി. എം.സി.വൈ.എം. ബത്തേരി ഭദ്രാസന ട്രഷറർ ജസ്റ്റിൻ ബേബി നന്ദി അറിയിച്ചു സംസാരിച്ചു. എം.സി.വൈ.എം. ബത്തേരി ഭദ്രാസന ഡയറക്ടർ ബഹു. ഫാ. ഗീവർഗ്ഗീസ് മഠത്തിൽ, അസിസ്റ്റൻറ് ഡയറക്ടർ ബഹു. ഫാ. ജോസഫ് മാത്യു ചേലംപറമ്പത്ത്, ഭദ്രാസന ആനിമേറ്റർ സി. ശാലീന മാത്യു ഡി.എം. , മറ്റു ഭദ്രാസന ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## Eparchy of Marthandam

### Way of cross and Eucharistic Adoration

Way of cross and Eucharistic Adoration was presided over by our MCYM diocese director Rev. Fr. Johny Alfred. It started with an initiation prayer followed by the talk of sister Ani-



mator Sr. Flower John DM about the importance of Lent days, sufferings and sacrifice of Jesus Christ to commemorate the series of images depicting Jesus Christ on the day of his crucifixion and death. The way of cross was led and guided by MCYM diocese executive members.

### Lenten Retreat

Lenten Retreat was led by Br. Victor. In his preach he shared about his life experience and led us in the spiritual way. Lenten Retreat was followed by confession and Eucharistic Adoration where all the Youths engaged themselves with prayer and devotion.

### Year plan Inauguration

Marthandam Diocese MCYM year plan was inaugurated in the presence of our diocese bishop H.E. Dr. Vincent Mar Paulos. The participants include district directors of Marthandam Diocese. At the outset, Bible was read by the secretary Ms. Abisha Mol. In addition to that, MCYM Prayer was read by Vice President Abishek Yoohanon. Moreover, MCYM pledge was recited by senate member Ms Jasmine Jincy. The vice president Mrs. Axelin Meena officially welcomed all the dignitaries and youth present in the event. Mr. Dinesh, Global





MCYM Secretary greeted all the youth of Marthandam Diocese with his inspiring words. Following this our diocese Bishop H.E. Dr. Vincent Mar Paulose  bestowed a felicitation and published the year plan. His excellency issued the year plan transcript to each district directors. Later, Our diocese president Mr. Ashbin Richard presented a detailed explanation about the events of the year.



## Women's Day celebration



“To all the women who never gave up on their dreams: you inspire us"

To celebrate International Women's day, all women celebrated together by cutting the cake. The incredible women are congratulated and honoured by his excellency H.E. Dr. Vincent Mar Paulos. Vote of thank was delivered by MCYM diocese treasurer Ms.Arul sobhiya for their gracious presence and kind cooperation . The Lenten Retreat for youth program ended around 3:00 pm with MCYM anthem.

## മൂവാറ്റുപുഴ ഭദ്രാസനം

### ആശംസകൾ



മൂവാറ്റുപുഴ ഭദ്രാസന യുവജന പ്രസ്ഥാനത്തിനെ വിരോചിതം നയിക്കുന്ന ഡയറക്ടർ ക്ലീറ്റസ് അച്ചന് മൂവാറ്റുപുഴ യുവജന കുടുംബത്തിന്റെ വക നാമഹേതുക തിരുനാളിന്റെ എല്ലാവിധ ആശംസകളും നേരുന്നു.

## മാവേലിക്കര ഭദ്രാസനം

### AGRAGA

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ അഭിമുഖ്യത്തിൽ യുവജന നേതാക്കന്മാർക്ക് വേണ്ടി AGRAGA നടത്തപ്പെട്ടു.

2024 ഏപ്രിൽ 14-ാം തീയതി  സിസ്റ്റർ ആനിമേറ്റർ റവ. സിസ്റ്റർ നിസീമ SIC പതാക ഉയർത്തി പരിപാടിക്ക് തുടക്കം കുറിച്ചു. തുടർന്ന് എം.സി.വൈഎം. മാവേലിക്കര ഭദ്രാസന പ്രസിഡന്റ് റോഷൻ കല്ലുമല അധ്യക്ഷ വഹിച്ച പ്രസ്തുത ചടങ്ങിൽ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോൺ അയണുവേലിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ചെയ്തു. ആശംസകൾ നേർന്നുകൊണ്ട് ഭദ്രാസന മുൻ ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളംപുറത്ത്, കെ.സി.വൈ.എം. സംസ്ഥാന ഉപാധ്യക്ഷൻ ഷിബിൻ ചെങ്കുളം, എം.സി.വൈ.എം. സഭാതല ട്രഷറർ രഞ്ജു പുലിയില, സ്റ്റെഫി അന്ന എന്നിവർ സംസാരിച്ചു

തുടർന്ന് നടന്ന ഐസ് ബ്രേക്കിംഗ് സെഷൻ കെ.സി.വൈ.എം. തിരുവനന്തപുരം അതിരൂപത മുൻ പ്രസിഡന്റ് M A ജോണിയും, Leader’s Talk, എം.സി.വൈ.എം. തിരുവല്ല മേജർ അതിരൂപത മുൻ പ്രസിഡന്റ്





ലൈജു കോശിയും നേതൃത്വം നൽകി. എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ട്രഷറർ ആൽവിൻ ഇമ്മാനുവേൽ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

## പ്രവർത്തനവർഷം ഉദ്ഘാടനം

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.) മാവേലിക്കര ഭദ്രാസനത്തിന്റെ 2024 വർഷത്തെ പ്രവർത്തനം 'Perichoresis' ന്റെ ഉദ്ഘാടനം 2024 മാർച്ച് 16 ന് പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത പ്രവർത്തനവർഷത്തെ ഉദ്ഘാടനം നിർവഹിക്കുകയും സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും എല്ലാവിധമായ പിന്തുണ അറിയിക്കുകയും ചെയ്തു.





## ഭദ്രാസനതല യുവജന വർഷ ഉദ്ഘാടനം






കെ.സി.ബി.സി. ആഹ്വാനം ചെയ്ത യുവജന വർഷത്തിന്റെ ഭദ്രാസനതല ഉദ്ഘാടനം തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാനും കെ.സി.ബി.സി. യുവജന കമ്മീഷൻ ചെയർമാനുമായിരിക്കുന്ന അഭിവന്ദ്യ ഡോ. ക്രിസ്തുദാസ് പിതാവ് തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത സന്നിഹിതനായിരുന്നു.


## മെമ്പർഷിപ്പ് ക്യാമ്പയിൻ

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിലെ യുവജനങ്ങൾക്ക് വേണ്ടി മെമ്പർഷിപ്പ് ക്യാമ്പയിൻ നടന്നുകൊണ്ടിരിക്കുന്നു.




## AMB AMOR (With love)

അന്തർദേശീയ വനിതാ ദിനത്തിന്റെ ഭാഗമായി ഭദ്രാസനത്തിലെ 6 വൈദിക ജില്ലയിലെ ജില്ലാ ഭാരവാഹികളായ യുവതികൾക്ക് എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ വനിതാ ദിനാശംസകൾ നേർന്നുകൊണ്ട് കത്ത് അയച്ചു.




## മീഡിയ വിംഗിന് തുടക്കം കുറിച്ചു








എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ സമൂഹമാധ്യമങ്ങളിൽ എത്തിക്കാൻ ഭദ്രാസനത്തിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഒരു മീഡിയ ടീമിനെ തിരഞ്ഞെടുക്കുകയും, മീഡിയ ടീമിന്റെ ഉദ്ഘാടനം മാവേലിക്കര ഭദ്രാസന വികാരി ജനറൽ മോൺ. ഡോ. സ്റ്റീഫൻ കുളുത്തുംകരോട്ട് മീഡിയ ടീം അംഗം അഞ്ജനയ്ക്ക് നൽകി കൊണ്ട് ഉദ്ഘാടനം ചെയ്തു.

## പ്രാർത്ഥനാശംസകൾ

10, 12 പൊതുപരീക്ഷ എഴുതുന്ന കുട്ടികൾക്ക്



www.malankaralibrary.com


വേണ്ടി എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളംപുറത്ത് പരിശുദ്ധ കുർബാന അർപ്പിച്ചു.

### പത്തനംതിട്ട ഭദ്രാസനം

## എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന യുവജന വർഷ ഉദ്ഘാടനവും പ്രവർത്തന വർഷ ആരംഭവും



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ യുവജന വർഷ ഉദ്ഘാടനവും,പ്രവർത്തന വർഷ ആരംഭവും "INICIO 2024"

മാർച്ച് 3-ാം തീയതി റാന്നി പെരുന്നാട് കുരിശുമല തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 11 മണിക്ക് കുരിശിന്റെ വഴി നടത്തി, ഉച്ചയ്ക്കുശേഷം നടന്ന യുവജന സെമിനാറിന് റവ. ഫാ. പ്രദീപ് വാഴത്തറമലയിൽ നേതൃത്വം നൽകി. ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ യുവജന വർഷ ഉദ്ഘാടനം പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ. ഡോ. സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത നിർവഹിച്ചു. പ്രവർത്തന വർഷ ഉദ്ഘാടനം പത്തനംതിട്ട ഭദ്രാസന വികാരി ജനറൾ മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിലും നിർവഹിച്ചു. യുവജന വർഷത്തിന്റെ തുടക്കമായി അഭിവന്ദ്യ പിതാവും ഭദ്രാസന പ്രസിഡന്റും 5 വൈദിക ജില്ലകളിലെ പ്രസിഡന്റുമാരും ചേർന്ന് യുവജനവർഷ തിരി കത്തിച്ചു. ഭദ്രാസനത്തിലെ നവ വൈദികരെയും, സഭാതല വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അക്സ രാജനെയും മാമ്പാറ യൂണിറ്റിനെയും ആദരിച്ചു. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ 2024-25 പ്രവർത്തന വർഷത്തേക്കുള്ള ഏകീകൃത രജിസ്റ്ററിന്റെ പ്രകാശനവും വേദിയിൽ വച്ച് നടത്തപ്പെട്ടു. റാന്നി പെരുന്നാട് വൈദിക ജില്ലാ വികാരി റവ. ഫാ. പോൾ നിലയ്ക്കൽ തെക്കേതിൽ, ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ, ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, ആനിമേറ്റർ സി. ജോവാൻ SIC, ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ വിശാഖ് വി. എൽ, ജില്ലാ പ്രസിഡന്റ് ഷിബിൻ ഷാജി, യൂണിറ്റ് പ്രസിഡന്റ് ഹെലൻ മേരി സണ്ണി, എന്നിവർ സംസാരിച്ചു. ഭദ്രാസനത്തിലെ വിവിധ യൂണിറ്റുകളിൽ നിന്നായി 300 ഓളം യുവജനങ്ങൾ പങ്കെടുത്തു. ഭദ്രാസന ഭാരവാഹികൾ, റാന്നി പെരുന്നാട് വൈദിക ജില്ലാ ഭാരവാഹിക, മാമ്പാറ യൂണിറ്റിലെ യുവജനങ്ങൾ എന്നിവർ നേതൃത്വം നൽകി.

### ആദരവ്







ബഥനി മിശിഹാനുകരണ സന്യാസ സമൂഹത്തിന് വേണ്ടി നവാഭിഷിക്തനായ പത്തനംതിട്ട ഭദ്രാസന അംഗം ഫാ. ഡെറിൻ പുതുപ്പറമ്പിൽ OIC യെയും, പത്തനംതിട്ട ഭദ്രാസനത്തിന് വേണ്ടി വൈദിക പട്ടം സ്വീകരിച്ച ഫാ. ഐവാൻ പുതുപ്പറമ്പിലിനെയും, എം.സി.വൈ.എം. സഭാതല വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട അക്സ രാജനെയും "INICIO 2k24" വേദിയിൽ വച്ച് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ. ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത യുവജന കുടുംബത്തിനുവേണ്ടി ആദരിച്ചു.

### സജീവം

കേരള സോഷ്യൽ സർവീസ് ഫോറം ആന്റി-ഡ്രഗ്സ് ടാസ്ക്ക് ഫോഴ്സ് രൂപീകരിക്കുന്നതിന്റെ




ഭാഗമായി സജീവം എന്ന പേരിൽ സോഷ്യൽ സർവീസ് സൊസൈറ്റി കരിത്താസ് ഇന്ത്യയുമായി ചേർന്ന് ട്രെയിനിങ് നടത്തപ്പെട്ടു. 2024 മാർച്ച് 12 ന് കോട്ടയം അമോസ് സെന്ററിൽ വച്ച് നടത്തപ്പെട്ട ട്രെയിനിങ് പ്രോഗ്രാമിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിനെ പ്രതിനിധീകരിച്ച് ഭദ്രാസന വൈസ് പ്രസിഡന്റ് ശ്രീ. ലിന്റോ തോമസ്, സെക്രട്ടറി ശ്രീ. ആൽബിൻ ബെന്നി എന്നിവർ പങ്കെടുത്തു.

## എം സി വൈ എം പ്രതിഷേധം ഫലം കണ്ടു ഖേദം പ്രകടിപ്പിച്ച് ശ്രീ. തോമസ് ഐസക്ക്




പൂഞ്ഞാർ സംഭവത്തെ മുൻനിർത്തി ക്രൈസ്തവരെ അധിക്ഷേപിച്ച് ഫേസ്ബുക്കിൽ പോസ്റ്റിട്ട പത്തനംതിട്ട ലോക്സഭാ മണ്ഡലം എൽ.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. തോമസ് ഐസക്ക് പോസ്റ്റ് പിൻവലിച്ച് മാപ്പ് പറയണമെന്ന് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രതിഷേധക്കുറിപ്പ് ഇറക്കി. അദ്ദേഹത്തിന് പ്രസ്താവന പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് വാട്സാപ്പ് മുഖേന കത്ത് നൽകുകയും അദ്ദേഹം അതിന് മറുപടി നൽകുകയും ചെയ്തു. അതോടൊപ്പം അദ്ദേഹം മലയാലപ്പുഴയിൽ വച്ച് നടത്തിയ മുഖാമുഖം പരിപാടിയിൽ ഭദ്രാസന സെക്രട്ടറി ശ്രീ.ആൽബിൻ ബെന്നി പ്രസ്തുത വിഷയം നേരിൽ ഉന്നയിക്കുകയും ഈ വിഷയത്തിൽ ക്രൈസ്തവർക്കുണ്ടായ വേദനയിൽ അദ്ദേഹം ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

ഈ വിഷയത്തിൽ ഖേദം പ്രകടിപ്പിച്ച ശ്രീ തോമസ് ഐസക്കിന്റെ നിലപാടിനെ സ്വാഗതം ചെയ്യുന്നു.

## IGESIA 2k24 grace ഭദ്രാസന ലീഡേഴ്സ് മീറ്റ് പോസ്റ്റർ പ്രകാശനം





എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന നേതാക്കൻമാർക്കായി 2024 മെയ് 4, ശനിയാഴ്ച്ച ചന്ദനപ്പള്ളി, മലങ്കര സുറിയാനി കത്തോലിക്ക തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടത്തുന്ന ഭദ്രാസന ലീഡേഴ്സ് മീറ്റ് "IGESIA 2k24" ന്റെ പോസ്റ്റർ 2024 ഏപ്രിൽ 6-ാം തീയതി പത്തനംതിട്ട കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാ പ്പോലീത്ത ഭദ്രാസന പ്രസിഡന്റ് ശ്രീ. ബിബിൻ ഏബ്രഹാമിന് നൽകികൊണ്ട് പ്രകാശനം ചെയ്തു. ഭദ്രാസന വികാരി ജനറാൾ മോൺ. വർഗ്ഗീസ് മാത്യൂ കാലായിൽ വടക്കേതിൽ, ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ, ആനിമേറ്റർ സി. ജൊവാൻ SIC, വന്ദ്യ വൈദികർ, സിസ്റ്റേഴ്സ്, പാസ്റ്ററൽ കൗൺസിൽ ഭാരവാഹി

www.malankaralibrary.com


കൾ, ഭദ്രാസന ഭാരവാഹികൾ, വൈദിക ജില്ല ഭാരവാഹികൾ, ചന്ദനപ്പള്ളി യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

## SWAG Saved with amazing grace



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റുകളിലെ യുവജന നേതാക്കന്മാർക്കായി നടത്തപ്പെടുന്ന നേതൃ പരിശീലനം "SWAG" പന്തളം വൈദിക ജില്ലയിൽ നടത്തപ്പെട്ടു. ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച പമ്പുമല, സെന്റ്. മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട പ്രോഗ്രാമിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 60 ഓളം യുവജനങ്ങൾ പങ്കെടുത്തു.

വ്യത്യസ്തമാർന്ന ഘട്ടങ്ങളിലൂടെ യുവജനങ്ങളെ പൂർണ്ണ പങ്കാളിത്തത്തിലേക്ക് കൊണ്ടുവരുവാനും അതിലുപരി ആശയങ്ങൾ പങ്കുവയ്ക്കുവാനും സാധിച്ചു.

യുവജനങ്ങളെ പരസ്പരം പരിചയപ്പെടുത്തി, ആവേശത്തോടെ മുന്നോട്ട് വരുവാനായി ഐസ് ബ്രേക്കിംഗ് സെഷനിലൂടെ ഭദ്രാസനത്തിന്റെ സെക്രട്ടറിയായിരിക്കുന്ന ടെനി സജി തുടക്കം കുറിച്ചു.

അനുഭവം പങ്കുവെയ്ക്കലിലൂടെ എം.സി.വൈ.എം. എന്നത് വെറുമൊരു പ്രസ്ഥാനം അല്ല മറിച്ച് പ്രായം എത്രയായെങ്കിലും യുവത്വം മനസ്സിൽ തുളുമ്പി നിൽക്കുന്ന അനുഭവമാണെന്ന് പങ്കുവെച്ച് മുൻ ഭദ്രാസന പ്രസിഡന്റ് അജേഷ് എം. തോമസ്.

സംഘടനാ സംവിധാനത്തിന്റെ പകർപ്പുകളെ പകർന്നു നൽകി ഭദ്രാസനത്തിന്റെ സെക്രട്ടറി സ്നേഹ യോഹന്നാൻ.

യുവജനങ്ങളുടെ ആശയങ്ങളെ സ്വീകരിക്കുവാനും അവരുടെ ആശയ കുഴപ്പങ്ങളെ പരിഹരിക്കുവാനുമായി യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ച ഭദ്രാസനത്തിന്റെ പ്രസിഡന്റ് ബിബിൻ എബ്രഹാം

യുവജനങ്ങളുടെ പൾസ് മനസ്സിലാക്കി അവരുടെ അഭിപ്രായങ്ങളെ കോർത്തിണക്കിക്കൊണ്ട് സംവാദ വേദിയൊരുക്കി ഭദ്രാസന ട്രഷറർ വിശാഖ് വി.എൽ.

ആത്മീയ തലത്തിന്റെ ആഴങ്ങളിലേക്ക് യുവജനങ്ങളെ കൈപിടിച്ചു കൊണ്ടുപോയി ആരാധനയിലൂടെ അനുഗ്രഹപ്രദമാക്കിയ ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ.

എല്ലാ ക്രമീകരണങ്ങളോടും ഭദ്രാസന സമിതിയെ സ്വീകരിച്ച പന്തളം വൈദിക ജില്ലയ്ക്കും പമ്പുമല ദൈവാലയത്തിനും ഹൃദയം നിറഞ്ഞ നന്ദി.

## DIVINO 2k24




എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പരിശുദ്ധ വലിയ നോമ്പിന്റെ 50 ദിവസങ്ങളിൽ സാമൂഹിക മാധ്യമങ്ങളിൽ വഴി ഷെയർ ചെയ്യപ്പെട്ട നോമ്പുകാല ചിന്തകൾ 'രക്ഷാകരം' ആസ്പദമാക്കി ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കപ്പെട്ടു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 41 മത്സരാർത്ഥികൾ ക്വിസിൽ പങ്കെടുത്തു.

ഒന്നാം സ്ഥാനം : റോസി തോമസ്,
കോന്നിത്താഴം യൂണിറ്റ്

രണ്ടാം സ്ഥാനം : റിയ ആൻ രാജൻ,
ചന്ദനപ്പള്ളി യൂണിറ്റ്

മൂന്നാം സ്ഥാനം : എയ്ഞ്ചൽ വർഗ്ഗീസ്,
ചന്ദനപ്പള്ളി യൂണിറ്റ്

വിജയികൾക്കും പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ... ആശംസകൾ.

www.malankaralibrary.com


## സിൻഡിക്കേറ്റ് മീറ്റിംഗ്



ഭദ്രാസന തലത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ ചടുലവും, ഊർജ്ജസ്വലവുമാക്കുന്നതിന് വേണ്ടിയും കഴിഞ്ഞ 3 മാസക്കാലത്തെ പ്രവർത്തനങ്ങളെ പറ്റി അവലോകനം നടത്തുന്നതിനുമായി ഏപ്രിൽ 14-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.30 ന് കോന്നി ളാക്കൂർ കാരുണ്യ ഭവനിൽ വച്ച് ജില്ലാ ഡയറക്ടർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, ഭദ്രാസന സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സിൻഡിക്കേറ്റ് മീറ്റിംഗ് നടത്തി.

മീറ്റിങ്ങിന് ഭദ്രാസന പ്രസിഡന്റ് ശ്രീ. ബിബിൻ എബ്രഹാം അധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ. ആൽബിൻ ബെന്നി സ്വാഗതം ആശംസിക്കുകയും ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ ആമുഖസന്ദേശം നൽകുകയും ചെയ്തു. ഭദ്രാസന ജില്ല തലങ്ങളിലെ കഴിഞ്ഞ മൂന്ന് മാസക്കാലത്തെ പ്രവർത്തനത്തെ പറ്റി അവലോകനം ചെയ്യുകയും തുടർ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു. മീറ്റിങ്ങിന് ഭദ്രാസന കെ. സി.വൈ.എം. സെനറ്റ് അംഗം ശ്രീ. നിബിൻ പി. സാമുവേൽ നന്ദി രേഖപ്പെടുത്തി.

മീറ്റിങ്ങിന് എല്ലാ ക്രമീകരണങ്ങളും നൽകി ഭദ്രാസന നേതാക്കന്മാരെ ഹൃദ്യമായി സ്വീകരിച്ച ളാക്കൂർ കാരുണ്യ ഭവനെയും ഡയറക്ടർ ബഹുമാനപ്പെട്ട മാത്യു പേഴുംമൂട്ടിൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു.

## എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനം എഗെയ്റോ 2k24 വനിതാ സംഗമം



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 21-04-2024 ഞായർ ഉച്ചക്ക് 1 മണി മുതൽ പത്തനംതിട്ട സെന്റ്. പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എഗെയ്റോ 2k24 വനിതാ സംഗമം നടത്തപ്പെട്ടു. ഉച്ചയ്ക്ക് 1.30 ന് ആരംഭിച്ച വനിതാ സംഗമത്തിൽ എം.സി.വൈ.എം. പതാക റാന്നി പെരുന്നാട് വൈദിക ജില്ലാ ആനിമേറ്റർ സി. ജ്യോതി SIC ഉയർത്തി. തുടർന്ന് മുവാറ്റുപുഴ നഗരസഭ കൗൺസിലറും സാമൂഹിക, രാഷ്ട്രീയ, വ്യവസായിക, അധ്യാപന രംഗങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ശ്രീമതി. ജോയ്സ് മേരി ആന്റണി യുവതികൾക്ക് ക്ലാസ്സ് നയിച്ചു.

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ ഉപാധ്യക്ഷ ജിഷ ജോസ് അധ്യക്ഷത വഹിച്ച എഗെയ്റോ -2k24 ന്റെ പൊതുസമ്മേളനം പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പ്രശസ്ത സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ ശ്രീമതി അപർണ്ണ (ക്യുപ്പി) വിശിഷ്ടാതിഥിയായി പങ്കെടുത്തു. വനിതാ സംഗമത്തിൽ MCMF പത്തനംതിട്ട ഭദ്രാസന. പ്രസിഡന്റ് ഷീജ എബ്രഹാം, ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം, വൈദിക ജില്ലാ വികാരി റവ. ഫാ. ജോൺസൺ പാറക്കൽ, ആനിമേറ്റർ സി. ജൊവാൻ SIC, ഭദ്രാസന ഭാരവാഹികളായ അക്സ രാജൻ, ടെനി സജി, സ്നേഹ യോഹന്നാൻ, സോനാ മറിയം ജോർജ് എന്നിവർ സംസാരിച്ചു. പത്തനംതിട്ട ഭദ്രാസനത്തിലെ 100 ഇടവകകളിൽ നിന്നുള്ള 200 ലേറെ യുവതികൾ ഈ സംഗമത്തിൽ പങ്കെടുത്തു.

ക്രമീകരണങ്ങൾക്ക് പത്തനംതിട്ട വൈദിക ജില്ല ആതിഥേയത്വം അരുളി.

## അഭിനന്ദനങ്ങൾ






www.malankaralibrary.com


National Biblical Catechetical & Liturgical Center ന്റെ നേതൃത്വത്തിൽ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര റീത്തുകളിൽപ്പെട്ട കേരളത്തിനകത്തും പുറത്തുമായുള്ള അത്മായ നേതാക്കന്മാർക്കായി ബാംഗ്ലൂർ വച്ച് ഏപ്രിൽ 19 മുതൽ 24 വരെ തീയതികളിൽ A Synodal way of Lay leadership എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ മലയാളം സെമിനാറിൽ പത്തനംതിട്ട ഭദ്രാസനത്തെ പ്രതിനിധീകരിച്ചു കൊണ്ട് എം.സി.വൈ.എം. ഭദ്രാസന സെക്രട്ടറി ആൽബിൻ ബെന്നിയും കോന്നി വൈദിക ജില്ല സെക്രട്ടറി അബു മോനച്ചനും പങ്കെടുത്തു.

ഇരുവരെയും യുവജന സഭയുടെ പേരിൽ പ്രത്യേകമായും അഭിനന്ദിക്കുന്നു.

## ക്യാൻസർ രോഗികൾക്കായി കേശദാനം ചെയ്ത് എം.സി.വൈ.എം യുവതികൾ



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 21-04-2024 ഞായർ ഉച്ചക്ക് 1. 30 മുതൽ പത്തനംതിട്ട സെന്റ്.പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് എഗെയ്റോ വനിതാ സംഗമത്തിൽ ക്യാൻസർ രോഗികൾക്കുള്ള കേശദാനം നല്കപ്പെട്ടു. പത്തനംതിട്ട ഭദ്രാസനത്തിന്റെ സോഷ്യൽ സർവീസ് വിഭാഗമായ അനുഗ്രഹയോട് ചേർന്ന് 23 യുവതികൾ ക്യാൻസർ രോഗികൾക്കായി തങ്ങളുടെ മുടി മുറിച്ച് കാരുണ്യത്തിന്റെ വലിയ മാതൃക ഈ സമൂഹത്തിന് പകർന്നു നൽകി. കേശദാനം നൽകിയവർക്ക് സർട്ടിഫിക്കറ്റുകൾ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയസ് മെത്രാപ്പോലീത്ത നൽകി. ഈ പ്രസ്ഥാനത്തിലൂടെ വേദനിക്കുന്നവരുടെ കണ്ണീര് ഒപ്പുവാനും ഒറ്റപ്പെട്ടവരെ ചേർത്തു നിർത്തുവാനും സാധിച്ചു എന്നതിൽ അഭിമാനം. കേശദാനം എന്ന മഹത്തായ ഉദ്യമത്തിലൂടെ നമ്മിലെ സാമൂഹിക പ്രതിബദ്ധത ഒരിക്കൽ കൂടി ഊട്ടിയുറപ്പിക്കുന്നു.

## Kairos
## God's appointed time to act



ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് തല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സംഘടനാശക്തി കൂടുതൽ ശക്തമാക്കുന്നതിനും, യുവജനങ്ങളോട് നേരിട്ട് സംവദിക്കുന്നതിനുമായി ജില്ലാ സമിതിയോടൊപ്പം 2024 ഏപ്രിൽ 7 ന് പത്തനംതിട്ട വൈദിക ജില്ലയിലെ കത്തീഡ്രൽ യൂണിറ്റും ഏപ്രിൽ 14 ന് പന്തളം വൈദിക ജില്ലയിലെ ചന്ദനപ്പള്ളി യൂണിറ്റും സന്ദർശിച്ചു.



## രക്ത ദാനസേന

'രക്തദാനം മഹാദാനം' എന്ന വലിയ സന്ദേശം




മറ്റുള്ളവർക്ക് പകർന്നു നൽകുക എന്ന ലക്ഷ്യവുമായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ജില്ലാ സമിതികളുടെ സഹകരണത്തോടെ രക്തദാന സേന ഓരോ വൈദിക ജില്ലകളിലും രൂപീകരിക്കപ്പെട്ടു.

ഇതുവരെയും നിരവധി ആളുകൾക്ക് രക്തം ദാനം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്..

## Eparchy of Puttur

### Permanent Membership Campaign

The Permanent Membership Campaign aimed to enroll members into a permanent membership program. The diocese had encouraged all the three districts as well as all the units to participate in this campaign. And by being a part of this campaign they join the MCYM Puttur Family and be a part of all the activities and programs conducted. ""The Permanent Membership Campaign successfully achieved its objectives of increasing membership, ensuring compliance, and effectively communicating the deadline. The campaign's implementation strategies,




including notification messages and deadline communication, played a crucial role in its success. Moving forward, the campaign can serve as a model for future membership initiatives, emphasizing the importance of clear communication and engagement strategies.

### Congratulations

We extend our warmest congratulations and a heartfelt welcome to Mr. Jobin Alarme on his unanimous election as the Diocesan Treasurer of MCYM Puttur Diocese! Your outstanding leadership qualities, unwavering dedication, and deep commitment to our community have undoubtedly earned you this prestigious position. Your passion for serving others and your vision for the betterment of our diocese are truly inspiring. We are excited to work alongside you as we strive to achieve our shared goals and continue to support and uplift our community. Con-

www.malankaralibrary.com





gratulations once again, and we look forward to witnessing your positive impact in your new role!

## Eparchy of Gurgaon

### Nurturing Spirituality through "Friday Fasting and Prayer" Initiative




We are thrilled to announce the launch of our newest endeavour, the "Friday Fasting and Prayer" initiative, inaugurated on February 2, 2024. This initiative stands as a testament to our commitment to fostering spiritual growth and unity among our vibrant community of youth. This initiative is conducted every Friday for the entire year of 2024.

The core objective of this initiative is to cultivate a culture of collective prayer and fasting, providing a platform for our members




to deepen their spiritual connection and bond with one another. By coming together in prayer and fasting every Friday, we aspire to create a sacred space where individuals can seek solace, guidance, and renewal amidst life's challenges.

To ensure the seamless execution of this initiative, we have entrusted the organisation of these online prayer meetings to our dedicated regional executive teams every month. These teams will work tirelessly to curate meaningful and impactful prayer sessions, drawing upon the rich spiritual resources provided by the Diocese.

Through "Friday Fasting and Prayer," we aim to nurture a sense of community and solidarity, transcending geographical boundaries and uniting our members in a shared journey of faith. As we embark on this transformative endeavour, we invite every one of you to actively participate and contribute to the collective spiritual upliftment of our community.

Together, let us embrace the power of prayer and fasting as potent tools for personal growth, communal harmony, and spiritual renewal. May this initiative serve as a beacon of light, guiding us towards a deeper understanding of our faith and a stronger bond with one another.

## Engaging with Youth with 50 Days for 50 Youth Initiative




Amidst the solemnity of the Lenten season, the Diocese of Gurgaon embarked on a transformative journey with its youth through the innovative "50 Days for 50 Youth" initiative. Through the power of technology, the diocese's animators and director utilized Google Meet as a platform to foster meaningful connections with young members and their families across the diocese.

The primary objective of this initiative was to engage with the youth on a profound level, delving into their perspectives, concerns, and aspirations. Over the course of 50 days, a series of virtual meetings were conducted, allowing for open dialogue and exchange of ideas. These sessions provided a platform for the youth to express themselves freely and to feel heard within the community.




The initiative not only strengthened the bond between the youth and the diocese but also empowered the younger generation to play an active role in shaping the future of their faith community. By fostering a sense of belonging and inclusion, the Diocese of Gurgaon has demonstrated its commitment to nurturing the spiritual growth and development of its youth, ensuring a vibrant and thriving community for generations to come.

### Easter Gift Initiative for Mission Regions

In addition to the interactive sessions, the Diocese of Gurgaon's animators and director displayed generosity by distributing gifts to the youth in the mission regions of Odisha and North-East during the Easter festivities. This thoughtful gesture not only celebrated the joyous occasion but also exemplified solidarity and support for the youth in remote areas. Such acts of kindness reinforce the diocese's commitment to inclusivity and outreach, fostering a sense of unity and belonging among all members of the faith community.

### Rhythm of Christ: An Evening of Harmony and Faith




In a harmonious celebration of faith and community, the Directors and Animators of MCYM, Eparchy of Gurgaon, orchestrated a remarkable event on March 31, 2024. This

www.malankaralibrary.com


evening of soul-stirring music and fellowship marked the culmination of Easter festivities, resonating with the profound sentiment of Psalm 96:1, "Sing to the Lord a new song; sing to the Lord, all the earth."

The event commenced at 7:00 pm, enveloping participants in a tapestry of melodious tunes that transcended physical boundaries. Through the virtual platform, individuals from diverse locations joined together, their voices blending seamlessly in song and worship. Despite the geographical dispersion, a sense of unity pervaded the virtual space, fostering an atmosphere of communal joy and devotion. This event's Chief Guest was Rev Fr Shaji Thumpechirayil.

Throughout the evening, attendees were treated to an array of uplifting performances, each carrying the essence of spiritual renewal and celebration. From traditional hymns to contemporary melodies, every note reverbe rated with the love and grace of our Savior, igniting the hearts of all who participated.

More than just a musical event, "Rhythm of Christ" served as a beacon of hope and solidarity in challenging times. In a world marked by uncertainty and turmoil, the gathering offered a sanctuary of peace and spiritual nourishment, reminding all present of the enduring strength found in faith and fellowship.

Looking ahead, the Eparchy of Gurgaon continues its mission of fostering community engagement and spiritual growth through a diverse array of events and initiatives. From educational seminars to outreach programs, each endeavour serves to enrich the lives of believers and strengthen the bonds of faith that unite us all.

## Empowering Tomorrow's Leaders: Online Career Guidance Session




On April 20, 2024, MCYM) in collaboration with the Malankara Catholic Association (MCA) orchestrated a transformative online career counselling session tailored for students in grades 9 - 12. The session, inspired by the wisdom of Proverbs 16:3, sought to empower young minds with the guidance and insight necessary to navigate the complex landscape of career choices.

The event commenced with a poignant introduction, emphasizing the pivotal role of career counseling in shaping the future of our youth. Drawing upon the words of scripture, attendees were reminded of the importance of seeking divine guidance in all endeavors. Anand Ratnakar led a solemn opening prayer, invoking blessings and divine wisdom for the journey ahead.

www.malankaralibrary.com


The session was graced by esteemed participants, including Mr. Jojo Thomas, Guest Speaker Mr Sabu, President of MCA, MCYM Regional Presidents, alongside diocesan executives and youth members from across the diocese. Mr. Sabu extended a warm welcome to all attendees, setting the tone for an enriching and insightful discussion. Mr. Jojo Thomas, the guest speaker, delivered a compelling presentation, offering invaluable guidance on various career paths and choices. His expertise and wisdom resonated deeply with the eager students, who listened attentively, absorbing every word with earnest enthusiasm.

As the session drew to a close, Haresh Pan, Diocese MCYM President, expressed heartfelt gratitude to all contributors for their invaluable contributions to the event's success. Fr Aji, in his closing remarks, underscored the significance of the guidance provided and offered a final blessing, imbuing the participants with renewed confidence and determination for their future endeavours.

The online career counseling session served as a beacon of light for students embarking on the journey of self-discovery and career exploration. It provided a safe and nurturing environment for young minds to gain valuable insights and guidance, empowering them to make informed decisions that will shape their future paths.

Looking ahead, MCYM and the MCA remain steadfast in their commitment to nurturing and empowering the youth through a myriad of transformative initiatives. As we continue to journey forward, let us embrace the opportunities for growth and learning that lie ahead, united in our shared mission of building a brighter future for generations to come.

## പാറശ്ശാല ഭദ്രാസനം

### അസ്സീസിയൻസ് @ കാൽവരി









പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കുരിശുമല തീർത്ഥാടനം അസ്സീസിയൻസ് @ കാൽവരി 2024 മാർച്ച് 24, ഞായറാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് നീരാഴിക്കോണം സെന്റ്. ജോസഫ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിലെ കുരിശുമല കയറി. പ്രാരംഭമായി ഭാരത സഭയ്ക്ക് വേണ്ടി കരുണക്കൊന്ത നടത്തി യുവജനങ്ങൾ പ്രാർത്ഥിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ് ഏവരെയും സ്വാഗതം ചെയ്തു. കാട്ടാക്കട വൈദിക ജില്ലാ ഡയറക്ടർ ബഹു. ഫാ. സേവ്യർ കോണത്തുവിള കുരിശുമല തീർത്ഥാടനത്തിന്റെ ആമുഖമായി വചന സന്ദേശം നൽകി. തുടർന്ന് യുവജനങ്ങൾ, നമ്മുടെ കർത്താവിന്റെ പീഡാനുഭവ യാത്ര അനുസ്മരിച്ചുകൊണ്ട് ഭക്തിപൂർവം കുരിശുമല കയറി. ഭദ്രാസന ഭാരവാഹികളും ജില്ലാ ഭാരവാഹികളും പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ഭദ്രാസന പ്രസിഡന്റ് ശരത് ലാൽ എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു. ചെമ്പൂർ വൈദിക ജില്ലയുടെ ആതിഥേയത്ത്വത്തിൽ നടന്ന കുരിശുമല തീർത്ഥാടനത്തിൽ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നായി 80 ഓളം യുവജനങ്ങൾ പങ്കാളികളായി.

*Design & Layout :* ***Syam Chowara, Nia Graphics, TVM.   Ph :  9747 044 811***